# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3211 11-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.രാജു എബ്രഹാം

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സംസ്ഥാന ബാങ്ക് രൂപീകരണം**

| | | |
|---|---|---|
| (എ) | കേരള സർക്കാർ പ്രമോട്ടറായി സംസ്ഥാന ബാങ്ക് രൂപീകരിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി പഠനം നടത്തി 28-04-2017 ന് സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | സംസ്ഥാന ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നോ ; സമിതി അദ്ധ്യക്ഷൻ ആരാണ് ; അംഗങ്ങൾ ആരെല്ലാമാണ് ; വിശദമാക്കുമോ ; | 1. ശ്രീ.എം.എസ്. ശ്രീറാം, പ്രൊഫസർ, ഐ.ഐ.എം. ബാംഗ്ലൂർ - ചെയർമാൻ<br>2. ശ്രീ.വി.എസ്. സെന്തിൽ ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം<br>3. ശ്രീ.സി.പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്), നബാർഡ് - അംഗം<br>4. ശ്രീ.റ്റി.പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്), യൂണിയൻ ബാങ്ക് - അംഗം<br>5. ശ്രീ.പി. വേണുഗോപാൽ ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്, മെമ്പർ സെക്രട്ടറി. |
| (സി) | പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ : | വിദഗ്ദ്ധ സമിതി പഠനം നടത്തി 28-04-2017 ന് സമർപ്പിച്ച റിപ്പോർട്ട് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഡി) | സംസ്ഥാനത്ത് നിലവിലുള്ള പ്രാഥമിക, അർബൻ, കാർഷിക സഹകരണ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി വിപുലമായ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ സാധിക്കുകയില്ലേ ; ഇത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദാമാക്കുമോ ? | വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച ശേഷം മാത്രമേ ഇത്തരം കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുകയുള്ളു. |

സെക്ഷൻ ഓഫീസർ